(ബി) ഇവർക്ക് ഗവൺമെൻറിൽനിന്നും എന്തെങ്കിലും സഹായം നൽകി വരുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് വ്യക്തമായ കണക്ക് ലഭ്യമല്ല. എന്നാൽ 27-1-1989-ൽ ലഭ്യമായ കണക്ക് പ്രകാരം സംസ്ഥാനത്ത് കൊട്ട, തഴപ്പായ എന്നിവ നെയ്ത് ജീവിക്കുന്ന ഏകദേശം 17,814 തൊഴിലാളികളാണ് ഉള്ളത്.

(ബി, സി) ഈ വിഭാഗം തൊഴിലാളികൾക്ക് കേരളാ ആർട്ടിസാൻസ് ആൻറ് സ്കിൽഡ് വർക്കേഴ്സ് (ഡെത്ത്-കം-റിട്ടയർമെൻറ്) ആനുകൂല്യ പദ്ധതിയിൽ അംഗത്വം സ്വീകരിച്ച് ഗുണഭോക്താക്കളാകാവുന്നതാണ്.

(ഡി) ഇവർക്കു മാത്രമായി ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല. എന്നാൽ നിർദ്ദിഷ്ട ഈറ്റ തൊഴിലാളി ക്ഷേമനിധിയിൽ ഇവരെ കൂടി അംഗങ്ങളാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ചുമട്ടുതൊഴിലാളി ക്ഷേമ പദ്ധതി

47 [2239] പ്രൊഫ. ജെ. ചിത്തരഞ്ജൻ:
പ്രൊഫ. റോസമ്മ പുന്നൂസ്:
പ്രൊഫ. വി. കെ. രാജൻ:
,, കാനം രാജേന്ദ്രൻ:
,, കൃഷ്ണൻ കണിയാംപറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുമട്ടുതൊഴിലാളി ക്ഷേമ പദ്ധതിയുടെ ആനുകൂല്യം ഏതെല്ലാം വിഭാഗം ചുമട്ടുതൊഴിലാളികൾക്ക് ലഭിക്കും;

(ബി) എല്ലാ വിഭാഗം ചുമട്ടു തൊഴിലാളികൾക്കും ഈ ക്ഷേമ പദ്ധതിയുടെ ആനുകൂല്യം നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സ്ഥിരമായി ഒരു തൊഴിലുടമയുടെയോ കോൺട്രാക്ടറുടെയോ കീഴിലല്ലാതെ വിവിധ തൊഴിലുടമകൾക്ക് വേണ്ടി ചുമട്ടുതൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്കാണ് നിലവിലുള്ള 1983-ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ നിയന്ത്രണവും ക്ഷേമവും) പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്.

(ബി) എല്ലാ വിഭാഗം ചുമട്ടു തൊഴിലാളികളേയും നിലവിലുള്ള ക്ഷേമ പദ്ധതിയുടെ പരിധിയിൽപ്പെടുത്തി ആനുകൂല്യങ്ങൾ നല്കുക എന്നത് പ്രായോഗികമാണോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly